# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1431**

14/06/2013 - ലെ മറുപടിയ്ക്ക്

## കാർഷികോത്പാദക സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോത്പാദക സംഘങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കാർഷികോത്പാദക സംഘങ്ങൾ ആരംഭിക്കുന്നത് സർക്കാരിന്റെ പുതിയ സംരംഭമാണ്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) | കൃഷിക്കാരന്റെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക മാർക്കറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ് കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) & (ഡി) | പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ സമഗ്ര കാർഷിക പുരോഗതിക്ക് "ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ്" കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച് 09/04/2013 ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ഇതുപ്രകാരം 208 ഏക്കർ സ്ഥലത്തെ കർഷകരുടെ കൂട്ടായ്മയായി രൂപീകരിക്കുന്ന "ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി" യുടെ പ്രോജക്റ്റ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇത്തരത്തിലുള്ള കർഷകോത്പാദക സംഘങ്ങൾ മറ്റു സ്ഥലങ്ങളിലും ആവശ്യാനുസരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ